**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ മുന്നേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ഉൾപ്പെടെ ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് തിരുവനന്തപുരം-മണ്ണന്തല,എറണാകുളം-ആലുവ,പാലക്കാട്-കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലായി നാല് പ്രീ -എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിക്കുന്നു.<br><br>തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോട് കൂടിയ പരിശീലനം നൽകിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം, എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് ലഭിച്ചതും 30 വയസ്സിനു താഴെ പ്രായമുള്ളവരും വാർഷികവരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ വിദ്യാർത്ഥികൾക്ക് സിവിൽസർവീസ് പരിശീലനം നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥികൾക്കും പഠനത്തിനായി പരമാവധി മൂന്നു ലക്ഷം രൂപ സ്കോളർഷിപ്പ് ആയി അനുവദിച്ച് നൽകി വരുന്നു.ബാങ്കിംഗ് സർവീസ് ,UPSC ,SSC ,KPSC തുടങ്ങിയ മേഖലകളിൽ പരിശീലനത്തിനൊരുങ്ങുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇത്തരം മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനായി ഫിനാൻഷ്യൽ അസ്സിസ്റ്റന്റ്സ് ഫോർ കോമ്പറ്റേറ്റിവ് എക്സാം കോച്ചിംഗ് എന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്.പ്രസ്തുത പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി വകുപ്പ് ഏതെങ്കിലും സ്വയംതൊഴിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കായി നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയുടെ വിവരം ചുവടെ ചേർക്കുന്നു |

| | | | |
|---|---|---|---|
| | | | 1. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാരായ വ്യക്തികൾക്ക് മൂന്നുലക്ഷം രൂപ വരെയുള്ള വായ്പ തുകയുടെ 1/3 സബ്സിഡി അനുവദിക്കുന്ന പദ്ധതി ബാങ്കുകളുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും പദ്ധതിപ്രകാരം ആരംഭിക്കാം<br><br>2. പത്തോ അതിൽ കൂടുതലോ പട്ടി ജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും 80 ശതമാനമോ അതിനു മുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകുന്നു.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി സംരംഭകരെ പ്രോത്സാഹിക്കുന്നതിനായി സംരംഭകത്വ വികസന പരിപാടി കേരള എംപോവെർഡ് സൊസൈറ്റിയും കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ്റെ സഹായത്തോടെ വകുപ്പ് നടപ്പിലാക്കുന്നു. കൂടാതെ ജില്ലാ തലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്വയം തൊഴിൽ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം പട്ടികവർഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് 8 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ